## അനുബന്ധം

എസ്.എസ്.എൽ.സി. പരീക്ഷയ്ക്കുവേണ്ടി ചുവടെ ചേർത്തിരിക്കുന്ന വിശദാംശങ്ങൾ കൃത്യതയോടെ സമ്പൂർണയിൽ ഉൾപ്പെടുത്തേണ്ടതാണ്.

1. Admission Number (Maximum 6 Digit)
2. Division (Maximum two characters)
3. Name of student (in Malayalam)
4. Name of student (in English)
5. Gender
6. Medium of Instruction
7. Date of Birth
8. Religion
9. Category
10. Caste
11. Nationality
12. Place of Birth
13. Name of Guardian
14. Relation with Guardian
15. Name of Father
16. Name of Mother
17. Address 1
18. Address 2
19. First Language
20. Additional Language
21. Third Language
22. Identification Mark 1
23. Identification Mark 2
24. District
25. Aadhaar Number
26. Local Body
27. Local Body Type
28. Taluk
29. Physical status
30. Whether belongs to other District

നം. Cgl1/35500/2018/CGE

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം-12

തീയതി: 01.11.2018

## സർക്കുലർ

വിഷയം:- **പൊതുവിദ്യാഭ്യാസം - 2018-19 അദ്ധ്യയന വർഷം പത്താം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ സമ്പൂർണയിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 1. സ.ഉ.(സാധാ) നം. 1602/2017/പൊ.വി.വ. തീയതി 27.05.2017.

2. പരീക്ഷാ കമ്മീഷണറുടെ 31.10.2018-ലെ Cgl1/35500/2018/CGE നമ്പർ എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് 2019 വിജ്ഞാപനം.

വിദ്യാഭ്യാസ വകുപ്പിന്റെ ഡാറ്റാ ശേഖരണം 'സമ്പൂർണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ മാത്രം ഉപയോഗിച്ച് നടത്തുന്നതിന് സൂചന 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുണ്ട്. സ്കൂളിൽ നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്ന എല്ലാ വിദ്യാർത്ഥികളുടേയും വിശദാംശങ്ങൾ പോർട്ടലിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. സൂചന 2 പ്രകാരം 2019 ൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന സ്കൂൾ ഗോയിംഗ് കാൻഡിഡേറ്റ്സിന്റെ ഫോട്ടോ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ സമ്പൂർണവഴി ശേഖരിക്കുന്നതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2018-19 ൽ പത്താം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ സമ്പൂർണയിൽ കൃത്യമാണെന്ന് ഉറപ്പുവരുത്തുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. 'സമ്പൂർണ'യിൽ ഉൾപ്പെടുത്തുന്ന ഡാറ്റയുടെ അടിസ്ഥാനത്തിലാണ് എസ്.എസ്.എൽ.സി. കാർഡ് തയ്യാറാക്കുന്നത്. അതിനാൽ വിദ്യാർത്ഥിയെ സംബന്ധിക്കുന്ന എല്ലാ വിശദാംശങ്ങളും കൃത്യമാണെന്ന് അതത് ക്ലാസ് അധ്യാപകരും സ്കൂൾ പ്രഥമാധ്യാപകരും ഉറപ്പ് വരുത്തേണ്ടതാണ്.

2. പത്താം ക്ലാസ്സിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥിയുടേയും അനുബന്ധമായി ചേർത്തിരിക്കുന്ന വിശദാംശങ്ങൾ സമ്പൂർണയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അതിൽ പിശകുകൾ ഇല്ലെന്നും പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.

3. പത്താംക്ലാസ് വിദ്യാർത്ഥികളുടെ അഡ്മിഷൻ നമ്പർ 6 അക്കത്തിൽ കൂടുതലും പത്താംക്ലാസിലെ ഡിവിഷനുകൾ രണ്ട് കാരക്ടറിൽ കൂടുതലും ആകാൻ പാടില്ല.

4. പത്താം ക്ലാസ്സിലെ എല്ലാ വിദ്യാർത്ഥികളുടേയും ഫോട്ടോ അപ്‌ലോഡ് ചെയ്യേണ്ടതാണ് (width : 150px, height : 200 px – size : 20 -30 kb, Format : .jpg).

5. സമ്പൂർണ്ണയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഡാറ്റയിൽ ഏതെങ്കിലും തിരുത്തലുകൾ ആവശ്യമെങ്കിൽ 2018 നവംബർ 20-ന് മുമ്പ് തിരുത്തേണ്ടതാണ്.

6. സ്കൂൾ ഗോയിങ്ങ് കാൻഡിഡേറ്റ്സിന്റെ വിവര ശേഖരണം 'സമ്പൂർണ' പോർട്ടൽ വഴി

മാത്രമായിരിക്കും.

7. 'സമ്പൂർണ്ണ'യിലെ വിവരം ഉൾപ്പെടുത്തി തയ്യാറാക്കുന്ന എസ്.എസ്.എൽ.സി കാർഡിൽ തെറ്റ് കണ്ടെത്തിയാൽ ബന്ധപ്പെട്ട സ്കൂൾ പ്രഥമാധ്യാപകർക്കെതിരെ നടപടി ഉണ്ടാകും.

(ഒപ്പ്)
**പരീക്ഷാ കമ്മീഷണർ**

എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ മുഖേന)

പകർപ്പ്
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി**